**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2369** **21-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 മൂലമുള്ള സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് 19 മൂലമുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ചെലവിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സമീപകാലങ്ങളിൽ കണ്ടിട്ടില്ലാത്തവിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളുടെയും മറ്റ് പ്രതികൂല സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായി ആവർത്തന സ്വഭാവമുള്ള ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ 05.11.2020-ലെ സ.ഉ.(അ)നം.152/ 2020/ധന. പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് കേന്ദ്രം പ്രഖ്യാപിച്ച കോവിഡ് 19 അടിയന്തിര പ്രതികരണ പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന് ഇതിനകം എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് കാലയളവിൽ ഈ സാമ്പത്തിക വർഷത്തിൽ സാധാരണഗതിയിലുള്ള മറ്റ് കേന്ദ്ര ധന സഹായങ്ങൾക്ക് പുറമേ കോവിഡ് 19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം എന്ന പേരിൽ 53.01 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ കേന്ദ്ര വിഹിതമായി 157 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് ചികിത്സക്ക് ആവശ്യമായ മെഡിക്കൽ ഉപകരണം മരുന്നുകളുടെ സംഭരണം, ലബോറട്ടറികൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ? | (സി) | കോവിഡ് ചികിത്സക്ക് ആവശ്യമായ മെഡിക്കൽ ഉപകരണം, മരുന്നുസംഭരണം, ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും കൂടാതെ വ്യക്തിസുരക്ഷാ കിറ്റുകളുടെയും മറ്റ് സാമഗ്രികളുടേയും സംഭരണം, ടെസ്റ്റിംഗ് കിറ്റുകളുടെ സംഭരണം, ഹാൻഡ് സാനിറ്റൈസറുകൾ, ഹാൻഡ് ഗ്ലൗസ്സുകൾ, ടെസ്റ്റിംഗിനുള്ള കൺസ്യൂമബിൾസ് ആയ സ്വാബുകളും റീ-ഏജന്റുകളും സംഭരിക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കേരള |

| | | | |
|---|---|---|---|
| | | | മെഡിക്കൽ സർവ്വസീസ് കോർപ്പറേഷൻ ലിമിറ്റഡ് 2020 ഡിസംബർ 31 വരെ 691.41 കോടി രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് 62,03,26,928 രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ